**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1272** **19-09-2025 - ൽ മറുപടിയ്ക്ക്**

**ചേലക്കര ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരള റോഡ് ഫണ്ട് ബോർഡിന് നിർമ്മാണ ചുമതലയുള്ളതും കിഫ്ബിയിൽ നിന്ന് തുക അനുവദിച്ചതുമായ ചേലക്കര ബൈപ്പാസ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയത് ഏതു വർഷമാണ്; ഈ പ്രവൃത്തിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; നിലവിൽ എന്തൊക്കെ നടപടിക്രമങ്ങൾ ആണ് പൂർത്തീകരിച്ചിട്ടുള്ളത്; നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ; | (എ) | ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയ്ക്ക് 20 കോടി രൂപയ്ക്ക് 29-07-2016 ൽ തത്വത്തിൽ ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുവേണ്ടി 3.16 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ച് വരുന്നു. പ്രവൃത്തികൾക്കായി 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് കിഫ്ബി എൽ.എ തഹസീൽദാർ മുഖേന എൽ.എ നടപടികളുടെ ഭാഗമായി BVR, DVS, 19(1) എന്നീ ഘട്ടങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. എൽ.എ നടപടികൾ പൂർത്തീകരിക്കുന്നതിനോടൊപ്പം പദ്ധതിയുടെ DPR ന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കേണ്ടതുണ്ട്. സാമ്പത്തികാനുമതി ലഭ്യമായതിനു ശേഷം ബൈപ്പാസ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ടെൻഡർ നടപടികളിലേക്ക് കടക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (ബി) | റവന്യൂ വകുപ്പ് മുഖാന്തരം എൽ.എ നടപടികൾ പൂർത്തിയാക്കി കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചതിനു ശേഷം മൂന്നു മാസ കാലയളവിനുള്ളിൽ ടെൻഡർ ക്ഷണിക്കാൻ സാധിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ